(എസ്.സി/എസ്.റ്റി. വകുപ്പിന്റെ സഹകരണത്തോടെ) തുടങ്ങിയ ഭവനപദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.

(ബി&സി) എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം 10199 വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള തുക വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭവനനിർമ്മാണ ബോർഡ് വിതരണം ചെയ്തിട്ടുണ്ട്. സുരക്ഷാ ഭവനപദ്ധതി പ്രകാരം 2810 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇന്നോവേറ്റീവ് ഭവനപദ്ധതി (അത്താണി) പ്രകാരം തൃക്കാക്കരയിൽ 36 ഫ്ളാറ്റുകളും പൂജപ്പുരയിൽ 16 ഫ്ളാറ്റുകളും ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാംഘട്ടമായി തൃശ്ശൂരിലെ കുട്ടനെല്ലൂരിലും പൂജപ്പുരയിലും 24 ഫ്ളാറ്റുകൾ വീതം നിർമ്മിക്കാൻ ഭവനനിർമ്മാണ ബോർഡിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2006-07 -ലെ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായുള്ള ഭവനനിർമ്മാണ പദ്ധതി പ്രകാരവും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവനനിർമ്മാണ പദ്ധതി പ്രകാരവും 1939 വീടുകൾ ഭവനനിർമ്മാണബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു സർക്കാർ വകുപ്പുകളും ഏജൻസികളും നടപ്പാക്കിയ ഭവനനിർമ്മാണ പ്രവർത്തനങ്ങളുടെ കണക്ക് ശേഖരിച്ചുവരുന്നതേയുള്ളു. ഈ സർക്കാരിന്റെ ശേഷിക്കുന്ന കാലയളവിൽ പരമാവധി വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് വീട് നൽകുന്നതിനായി പദ്ധതികൾ

209 (2241) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് സ്ഥലവും വീടും നൽകുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വീടുകൾ വച്ചുനൽകിയെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഏറ്റവും പുതിയ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly